പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2322** — 05/02/2018 ൽ മറുപടിക്ക്

## കേരള ആട്ടോമൊബൈൽസിൽ എം .ഡി ഇല്ലാത്ത അവസ്ഥ

**ചോദ്യം**

**ശ്രീ.കെ. ആൻസലൻ**

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കേരള ആട്ടോ മൊബൈൽസിൽ സ്ഥിരമായി എം .ഡി ഇല്ലാത്ത അവസ്ഥയ്ക്ക് കാരണം വിശദമാക്കാമോ; എം ഡി ആയി നിയമിക്കുന്നവർ മാസങ്ങൾക്കകം രാജിവയ്ക്കുന്നത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) കേരള ആട്ടോമൊബൈൽസിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; ഇതിൽ സർക്കാർ പ്രഖ്യാപിച്ച പുതിയ ഇലക്ട്രിക് ഓട്ടോകൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ കേരള ആട്ടോമൊബൈൽസിന് എത്ര കോടി രൂപയുടെ ബാധ്യത ഉണ്ട്; അവ ഏതൊക്കെ എന്ന് വിശദീകരിക്കാമോ;

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) കേരള ആട്ടോമോബൈൽസ് ലിമിറ്റഡിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ മാനേജിംഗ് ഡയറക്ടറുടെ ഒഴിവിലേക്ക് 25-07-2017-ലെ സ.ഉ (സാധാ) നം. 1068/2017/വ്യവ നമ്പർ ഉത്തരവ് പ്രകാരം ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ.ജോർജി നൈനാന് അഡീഷണൽ ചാർജ് നൽകുകയും പിന്നീട് 28-12-2017 -ലെ സ.ഉ (സാധാ) നം. 1727/2017/വ്യവ പ്രകാരം ശ്രീ.കെ.പത്മകുമാറിനെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളതുമാണ്.

(ബി) ഇലക്ട്രിക് ഓട്ടോ നിർമ്മാണം, നിലവിലുള്ള SDRC(Skill Development and Research Centre) വിപുലീകരിച്ച് സംസ്ഥാന സർക്കാരിന് കീഴിലെ ASAP(Additional Skill Acquisition Programme) പദ്ധതിയുമായി സഹകരിച്ച് പുതുതായി 15 കോഴ്സുകൾ നടത്തുന്നതിനുള്ള പദ്ധതി എന്നിവ കൂടാതെ ISRO-ൽ നിന്നും ജോബ് വർക്കുകൾ അധികമായി സമാഹരിക്കുന്നതിനും കേരള സംസ്ഥാന കയർ മെഷീനറി കോർപ്പറേഷന് വേണ്ടി വിവിധതരം യന്ത്ര സാമഗ്രികൾ നിർമ്മിച്ചു നൽകുന്നതിനും കമ്പനി ഉദ്ദേശിക്കുന്നു.

(സി) ആകെ 55 കോടി 32 ലക്ഷം രൂപയുടെ ബാധ്യതയുണ്ട്.

| | | |
|---|---|---|
| 1) | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ട്സ് മരവിപ്പിച്ചതിനെ തുടർന്ന് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർക്കാൻ | 6 കോടി 85 ലക്ഷം |
| 2) | ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് | 4 കോടി |

| | | |
|---|---|---|
| | കുടിശ്ശിക (മാനേജ്മെൻറ് വിഹിതം ഉൾപ്പെടെ) | |
| 3) | സർവ്വീസിൽ നിന്ന് പിരിഞ്ഞു പോയ ജീവനക്കാർക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി തുക | 1 കോടി 10 ലക്ഷം |
| 4) | ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള കുടിശ്ശിക | 1 കോടി 32 ലക്ഷം |
| 5) | VAT, എക്സൈസ് ഡ്യൂട്ടി, എംപ്ലോയിസ് സൊസൈറ്റി കുടിശ്ശിക തുടങ്ങിയവ | 1 കോടി 33 ലക്ഷം |
| 6) | സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുത്ത് തീർക്കാനുള്ളത് | 3 കോടി 86 ലക്ഷം |
| 7) | വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ, ഐ.ഡി.എഫ് ലോൺ എന്നീ ഇനത്തിൽ (സംസ്ഥാന സർക്കാരിന് തിരിച്ച് നൽകാനുള്ളത്) | 36 കോടി 86 ലക്ഷം |
| | ആകെ | 55 കോടി 32 ലക്ഷം |

(ഡി) പുതിയ ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് വ്യവസായ വകുപ്പ് കെ.എ.എൽ.-നു നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(ഡി) വിശദാംശങ്ങൾ വ്യക്തമാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ